**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5326** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കായി തൊഴിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | (എ) ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br><br>സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ NIPMR-ൽ ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | (ബി) **<u>ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രം, തിരുവനന്തപുരം</u>**<br><br>തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ രണ്ട് വർഷം ദൈർഘ്യമുള്ള ബുക്ക് ബൈൻഡിംഗ്, ഫാഷൻ ഡിസൈനിംഗ് എന്നീ കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ സ്ഥാപനത്തിൽ കെൽട്രോൺ മുഖേന ഒരു വർഷം ദൈർഘ്യമുള്ള Diploma in Computer Application (DCA), ആറു മാസം ദൈർഘ്യമുള്ള Desktop Publishing (DTP) എന്നീ കോഴ്സുകളും നടത്തി വരുന്നു.<br><br>**<u>ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രം, കോഴിക്കോട്</u>**<br><br>കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ രണ്ട് വർഷം ദൈർഘ്യമുള്ള ലെതർ വർക്ക്സ്, ബുക്ക് ബൈൻഡിംഗ് എന്നീ കോഴ്സുകളും ഇതു കൂടാതെ സ്ഥാപനത്തിൽ കെൽട്രോൺ മുഖേന ഒരു വർഷം ദൈർഘ്യമുള്ള Diploma in Computer Application (DCA), Desktop Publishing (DTP) എന്നീ കോഴ്സുകളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | Em-Voc പദ്ധതി വഴി താഴെ പറയുന്ന തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകി വരുന്നത്.<br>കമ്പ്യൂട്ടർ പരിശീലനം<br>ടെയിലറിംഗ്<br>ഹൗസ് കീപ്പിംഗ്<br>ബേക്കിംഗ്<br>ഗാർഡനിംങ്ങ്<br>ബ്ലോക്ക് പ്രിന്റിംഗ്<br>സിറാമിക്<br>ഹോർട്ടിക്കൾച്ചർ<br>പേപ്പർ പെൻ & പേപ്പർ ബാഗ്<br>നിർമ്മാണം<br>സോപ്പ് നിർമ്മാണം |
| (സി) | ഈ വർഷം പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | (സി) കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്റർ മുഖേനയുള്ള ടെയിലറിംഗ്, പ്രിന്റിംഗ് ടെക്നോളജി, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം എന്നീ മൂന്നു കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | ഇത്തരം പരിശീലന കേന്ദ്രങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നറിയിക്കാമോ; | (ഡി) | (ഡി) തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ സൗജന്യമായി പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നുണ്ട്. ഹോസ്റ്റൽ സൗകര്യം ലഭ്യമാകാത്ത വാർഷിക വരുമാനം 24,000/- രൂപയിൽ താഴെയുള്ള പരിശീലനാർത്ഥികൾക്ക് പ്രതിമാസം 300/- രൂപാ നിരക്കിൽ പ്രതിവർഷം 36,000/- രൂപ സ്റ്റൈപ്പൻഡ് അനുവദിക്കുന്നുണ്ട്. കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആൺകുട്ടികൾക്ക് കോഴിക്കോട് ഭിന്നശേഷി സദനത്തിൽ പ്രവേശനവും പെൺകുട്ടികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | തൊഴിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ നൽകാനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | (ഇ) തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിന്നും കോഴ്സ് വിജയിച്ചിറങ്ങുന്ന കുട്ടികൾക്ക് സ്ഥാപനത്തിലുള്ള |

| | | | |
|---|---|---|---|
| | | | പ്രിന്റിംഗ് യൂണിറ്റിൽ ലഭ്യമാകുന്ന വർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിലവസരം നൽകി വരുന്നു.<br><br>NIPMR-ലെ Em-Voc പദ്ധതി വഴി തൊഴിൽ പരിശീലനം പൂർത്തീകരിച്ചവർക്ക് സർക്കാറിന്റെ വിവിധ ഏജൻസികൾ നടത്തുന്ന എംപ്ലോയ്മെന്റ് ഫെസ്റ്റ് വഴി തൊഴിൽ നേടാനുള്ള അവസരം ഒരുക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ